# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1101 — 12/03/2015-ൽ മറുപടിക്ക്

## ഫോക്കസ് പദ്ധതി

**ചോദ്യം**

ശ്രീ. പി.സി. ജോർജ്
ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ഫോക്കസ് പദ്ധതി നടപ്പാക്കി തുടങ്ങിയതിനു ശേഷമുണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ 1568 വിദ്യാലയങ്ങളിലാണ് ഫോക്കസ് പദ്ധതി നടപ്പിലാക്കിയത്. 60 കുട്ടികളിൽ താഴെ മാത്രം പഠനം നടത്തുന്ന 3560 വിദ്യാലയങ്ങളാണ് സംസ്ഥാനത്ത് ആകെയുള്ളത്. വരും വർഷം ശേഷിക്കുന്ന 1992 വിദ്യാലയങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഫോക്കസ് 2015 പദ്ധതി നടപ്പിലാക്കിയ വിദ്യാലയങ്ങളിൽ ഉണ്ടായ ആശാവഹമായ മാറ്റങ്ങൾ താഴെ പറയുന്നവയാണ്.

- വിദ്യാലയ പുരോഗതി ജനങ്ങൾ ഏറ്റെടുത്തു തുടങ്ങി.
- വികസന രേഖതയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ജനപ്രതിനിധികളുടെ ശ്രദ്ധയും താത്പര്യവും നേടുവാൻ കഴിഞ്ഞു.
- ഭൗതിക സൗകര്യങ്ങളിൽ മികവ് ഉണ്ടാക്കാൻ കഴിഞ്ഞു.
- അക്കാദമിക കാര്യങ്ങളിൽ അധ്യാപകരും രക്ഷിതാക്കളും കൂടുതൽ ശ്രദ്ധിക്കുന്നു.
- സാമൂഹിക ശ്രദ്ധയും വിശ്വാസവും ഉയർന്നതിനാൽ കൂടുതൽ കുട്ടികൾ വന്നുചേർന്നു.
- എ.ഇ.ഒ, എസ്.എസ്.എ. ഡയറ്റ് തുടങ്ങിയ സംവിധാനങ്ങൾ കൂടുതൽ ശ്രദ്ധിക്കുന്നുണ്ട്.
- വിദ്യാലയത്തെ ശാക്തീകരിക്കാൻ പൂർവ്വ വിദ്യാർത്ഥികൾ തല്പരരായി.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയിൽ ആദ്യഘട്ടമായി ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളിൽ ചെയ്ത പ്രവർത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ഓരോ വിദ്യാലയത്തിലും ആവശ്യമായ വ്യത്യസ്ത പ്രവർത്തനങ്ങളാണ് ഏറ്റെടുക്കപ്പെട്ടത്. അവ താഴെ പറയും പ്രകാരമാണ്.<br>• കുട്ടികളുടെ നിലവിലെ പഠന നിലവാരം കണ്ടെത്തി.<br>• വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ കൃത്യതപ്പെടുത്തി,<br>• അധ്യാപകരുടെ ആസൂത്രണം തയ്യാറെടുപ്പ് കൂടുതൽ ഫലപ്രദമായി.<br>• ട്രെയിനർമാരുടെ അധികസമയ പിന്തുണ ലഭ്യമാക്കി.<br>• ക്ലാസ് മുറികൾ, ഉച്ചഭക്ഷണ സൗകര്യം മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ മികച്ചതാക്കി.<br>• വിവിധ സ്രോതസ്സുകളിൽ നിന്നുള്ള പിന്തുണ ലഭ്യമാക്കി.<br>• കുട്ടികളുടെ പഠന മികവ് രക്ഷിതാക്കളേയും സമൂഹത്തേയും ബോധ്യപ്പെടുത്തി. |
| (സി) | 60 കുട്ടികളിൽ കുറവുള്ള വിദ്യാലയങ്ങളിൽ സാമുഹിക പങ്കാളിത്തത്തോടെ ഭൗതികവും അക്കാദമികവുമായ മികവ് ആർജ്ജിക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ എത്ര സ്കൂളുകളിൽ ആരംഭിച്ചുവെന്ന് അറിയിക്കുമോ? | (സി) | ഈ വിഭാഗത്തിൽ പെടുന്ന വിദ്യാലയങ്ങളിൽ ഒന്നാം ഘട്ടമായി തെരഞ്ഞെടുത്ത 1568 വിദ്യാലയങ്ങളിലും മികവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. |

Sreedevi

**സെക്ഷൻ ഓഫീസർ**